വർഗ്ഗക്കാർക്ക് അഞ്ചു വീതം ഡിസ്പെൻസറികളും പുതിയതായി തുറന്നിട്ടുണ്ട്. 1979–80-ൽ ഇതുവരെ ഒരു സർക്കാർ ഗ്രാമീണ ഡിസ്പെൻസറി തുറന്നിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഈ ഡിസ്പെൻസറിക്കു വേണ്ട തസ്തികകളും അനുവദിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ഇ) 1978–79-ൽ വക കൊള്ളിച്ചിരുന്ന 50 ലക്ഷം രൂപ തുടങ്ങി കഴിഞ്ഞിരുന്ന ഗ്രാമീണ ഡിസ്പെൻസറികൾക്കും മറ്റും തികയാതിരുന്നതു കൊണ്ട് പുതിയ ഡിസ്പെൻസറികളുടെ കാര്യം പരിഗണിക്കുവാൻ സാദ്ധ്യമല്ലാതെ വന്നു.

വൈദ്യുതീകരിക്കാനുള്ള പഞ്ചായത്തുകൾ

59 [96] ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇനിയും എത്ര പഞ്ചായത്തുകൾ വൈദ്യുതീകരിക്കാനുണ്ട്;

(ബി) ഏതൊക്കെ പഞ്ചായത്തുകളാണ് വൈദ്യുതീകരിക്കപ്പെടാനുള്ളത്?

ഉത്തരം

(എ & ബി) പഞ്ചായത്ത് അടിസ്ഥാനമാക്കിയുള്ള വിവരം ശേഖരിച്ചു വരുന്നു. എന്നാൽ 1971-ലെ സെൻസസ് അനുസരിച്ചുള്ള കേരളത്തിലെ എല്ലാ റവന്യൂ വില്ലേജുകളിലും വൈദ്യുതി എത്തിച്ചിട്ടുണ്ട്.

തിരുവല്ലാ ഗവൺമെന്റ് ആശുപത്രിയിൽ പുതിയ കെട്ടിടം പണിയുവാനുള്ള നിർദ്ദേശം

60 [97] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ ഗവൺമെന്റ് ആശുപത്രിക്ക് നൂറ് കിടക്കകളുള്ള കെട്ടിടം പണിയുവാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇന്നുള്ള കെട്ടിടം വളരെ പഴക്കം ചെന്നതും ഉപയോഗരഹിതവുമാണെന്ന കാര്യം പരിഗണിച്ചു സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെട്ടിടങ്ങളിൽ പലതും പഴക്കം ചെന്നവയാണെങ്കിലും ഉപയോഗരഹിതങ്ങളല്ല. പ്രസ്തുത കെട്ടിടങ്ങളുടെ പ്രത്യേക അറ്റകുറ്റപ്പണികൾക്കായി ഇക്കൊല്ലം 49,000 രൂപ അനുവദിച്ചിട്ടുണ്ട്.

തിരുവല്ലാ ഗവൺമെൻറ് ആശുപത്രി

61 [98] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ ഗവൺമെൻറ് ആശുപത്രി കെട്ടിടത്തിൻെറ ചില ഭാഗങ്ങൾ അപകടകരമാണെന്നു പൊതുമരാമത്തു വകുപ്പു മുന്നറിയിപ്പു നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വിവരം ലഭിച്ചിട്ട് എത്രമാസമായി എന്നു വ്യക്തമാക്കുമോ;

(സി) ഈ കെട്ടിടങ്ങൾ പുതിക്കിപ്പണിതു ഉപയോഗപ്രദമാക്കാൻ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിലെ ആനുകൂല്യങ്ങൾ നൽകാൻ നടപടി

62 [99] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് കുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ടിൻെറ ആനുകൂല്യങ്ങൾ ഇനിയും നൽകാതിരിക്കുന്നതിൻെറ കാരണം വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ഹോമിയോ കോളേജിലെ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകിയ സാഹചര്യത്തിൽ ഈ ആനുകൂല്യം കോഴിക്കോട് ഹോമിയോ മെഡിക്കൽകോളേജിലെ വിദ്യാർത്ഥികൾക്ക് കൂടി മുൻകാല പ്രാബല്യത്തിൽ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ഗവൺമെൻറ് ഹോമിയോ മെഡിക്കൽ കോളേജിലെ ഇപ്പോഴുള്ള ഒന്നും രണ്ടും ബാച്ച് വിദ്യാർത്ഥികൾക്ക് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിൻെറ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

(ബി) തിരുവനന്തപുരം ഹോമിയോ കോളേജ് വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly